ബി(1)/10488/2010/ഡിപിഐ　　　　　വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം തീയതി 04.02.2010

# സർക്കുലർ -1

വിഷയം :- പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - 2010-2011 അധ്യയന വർഷത്തെ അധ്യാപകരുടെ ഓൺലൈൻ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ പുറപ്പെടുവിക്കുന്നു.

1. 2009-2010 അധ്യയനവർഷത്തെ ഹൈസ്ക്കൂൾ അധ്യാപകർ, പ്രൈമറി വിഭാഗം പ്രഥമ അധ്യാപകർ, പ്രൈമറി അധ്യാപകർ എന്നിവരുട സ്ഥലംമാറ്റം പൂർണ്ണമായി ഓൺലൈൻ സംവിധാനത്തിലൂടെ വിജയകരമായി നടപ്പാക്കാൻ കഴിഞ്ഞതിനാൽ 2010-2011 അധ്യയന വർഷത്തെ അധ്യാപകരുടെ പൊതുസ്ഥലംമാറ്റവും ഓൺലൈൻ മുഖേന നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്നു.
2. 2009-2010 അധ്യയന വർഷത്തെ ഓൺലൈൻ സ്ഥലംമാറ്റത്തിൽ പ്രധാനമായി ശ്രദ്ധയിൽപെട്ട പരാതി അധ്യാപകരുടെ സീനിയോറിറ്റി കണക്കാക്കുന്നതിലെ അപാകതയാണ്. ചിലർ പി.എസ്.സി അഡ്വൈസ് പ്രകാരവും, ചിലർ ജോലിയിൽ പ്രവേശിച്ച തീയതി മുതലും സിനിയോറിറ്റി കണക്കാക്കി ടി അപാകത പരിഹരിക്കുന്നതിനു ഒരു വിദ്യാഭ്യാസ ഉപഡയറക്ടറുടെ അധികാര പരിധിയിൽ പെടുന്ന ഓരോ വിഭാഗത്തിലും എല്ലാ അധ്യാപകർക്കും, പ്രൈമറി വിഭാഗം പ്രഥമാധ്യാപകർക്കും, സ്ഥിരമായഒരു റാങ്ക് നമ്പർ നൽകുന്നത് ഉചിതമായിരിക്കും. ആയതിനു എല്ലാ ഓഫീസിലും ഓരോ വിഭാഗത്തിനും പ്രത്യേകം പ്രത്യേകം അധ്യാപകർക്ക് പ്രസ്തുത നിയമനത്തിനായി അഡ്വൈസ് ചെയ്ത തീയതിയും പ്രമോഷൻ തസ്തികയിലേക്കാണ് നിയമനമെങ്കിൽ പ്രമോഷൻ ഉത്തരവിന്റെ തീയതിയും ഉത്തരവിലെ ക്രമ നമ്പരും ആകും സീനിയോറിറ്റി കണക്കാക്കാൻ പരിഗണിക്കുക. പി.എസ്.സി നിയമനം ലഭിച്ച് ജോലിയിൽ ചേർന്നത് നിയമന തീയതിക്ക് 3 മാസത്തിന് ശേഷമാണെങ്കിൽ അവർ സർവ്വീസിൽ ചേർന്ന ദിവസം മുതൽ മാത്രം സീനിയോറിറ്റി കണക്കാക്കാവുന്നതാണ്. അന്തർ ജില്ലാ സ്ഥലംമാറ്റം മുഖേന വരുന്നവരുടെ സീനിയോറിറ്റി അവർ പ്രസ്ത ുത ജില്ലയിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതലേ കണക്കാക്കുകയുള്ളൂ.
3. മലയോര/റിമോർട്ട് മേഖലയിലെ സ്ക്കൂളുകളെ സംബന്ധിച്ച വിവരം വകുപ്പുതലത്തിൽ പ്രത്യേകം നിർവ്വഹിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടതായിട്ടുണ്ട്. ആയതിനു താങ്കളുടെ അധികാര പരിധിയിൽപ്പെട്ട മലയോര/റിമോർട്ട് സ്ക്കൂളുകളുടെ ലിസ്റ്റ് അടിയന്തിരമായി ഡയറക്ടറേറ്റിൽ എത്തിക്കേണ്ടതാണ്. മലയോര/റിമോർട്ട് സ്ക്കൂളുകളെ കണക്കാക്കുന്നതിനും വാഹന സൗകര്യം ഇല്ലാതെ കാൽനടയായി 2 കിലോമീറ്റർ അധികം പോകേണ്ടതും കടത്തുവള്ളം എന്നിവയെ താണ്ടി പോകുന്ന സ്ക്കൂളുകളുമായിരിക്കണം.
4. എം.ആർ.എസ് സ്ക്കൂളുകളിലെ നിയമനം പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ നേരിട്ടുള്ള നിയന്ത്രണത്തിലായതിനാൽ എം.ആർ.എസ് സക്കൂളുകളിലെ

വേക്കൻസികൾ ഓൺലൈനിൽ ഉൾപ്പെടുത്തുവാൻ പാടില്ല. അതുപോലെ ഐ.റ്റി.ഐ, പോളിടെക്നിക്ക് എന്നീ സ്ഥാപനങ്ങളിലെ നിയമനവും വിദ്യാഭ്യാസ ഉപഡയറക്ടറുടെ നിയന്ത്രണത്തിൽ അല്ലാത്തതിനാൽ ടി ഒഴിവുകളും ഓൺലൈനിൽ ഉൾപെടുത്താവുന്നതല്ല.

5. ഹൈസ്ക്കൂൾ അധ്യാപകർ, പ്രൈമറി വിഭാഗം പ്രഥമാധ്യാപകർ, പ്രൈമറി അധ്യാപകർ എന്നീ വിഭാഗത്തിൽപ്പെട്ട 69 തസ്തിതയാണ് ഓൺലൈൻ സ്ഥലം മാറ്റത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആയതുൾപ്പെട്ട ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. അതിൽ ഏതെങ്കിലും വിഭാഗത്തെ കൂടി ഉൾപ്പെടുത്തുവാനോ, ഒഴിവാക്കുവാനോ ഉണ്ടെങ്കിൽ ആയതു 10.02.2010 തീയതിക്കു മുമ്പായി റിപ്പോർട്ട ു ചെയ്യേണ്ടതാണ്.

6. പ്രൈമറി സക്കൂൾ മുതൽ ഹൈസ്ക്കൂൾ തലം വരെയുള്ള അധ്യാപകരുടെയും പ്രൈമറി സക്കൂൾ പ്രഥമ അധ്യാപകരുടെയും ഒഴിവുകൾ ജില്ലാ തലത്തിൽ വ്യക്തമായി അറിയിക്കേണ്ടതുണ്ട്. പെൻഷൻ പ്രായം ഏകീകരിച്ചതിനെ തുടർന്ന് 01.04.2010 തീയതിയിൽ ഉണ്ടാകുന്ന എല്ലാ ഒഴിവുകളും ഓൺലൈൻ മുഖേന കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതിരിക്കുകയോഒഴിവുകൾ അനുമാനത്തിന്റെ അടിസ്ഥാനത്തിൽ ഉൾപ്പെടുത്തുകയോ ചെയ്യാവുന്നതല്ല.

7. ഓൺലൈൻ മുഖേന സമർപ്പിക്കുന്ന അപേക്ഷയുടെ പരിശോധനയിൽ കൃത്യത ഉണ്ടായിരിക്കേണ്ടതാണ്. സ്ഥലംമാറ്റത്തിനു പ്രത്യേക പരിഗണന അർഹിക്കുന്നവിഭാഗങ്ങളുടെ പരിഗണനക്ക് അർഹിക്കുന്ന വിഭാഗങ്ങളുടെ പരിഗണനക്ക് അർഹമായ ആധികാരികമായ രേഖ സൂക്ഷമായി പരിശോധിക്കപ്പെട്ടിരിക്കണം. പ്രത്യേക പരിഗണനാർഹമായ രേഖ ഏത് സാഹചര്യത്തിലും പരിശോധനക്കും സംശയ നിവാരണത്തിനുമായി വിദ്യാഭ്യാസ ഉപഡയക്ടറുടെ ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്.

8. മുൻവർഷങ്ങളിൽ എന്നപോലെ അധ്യാപകർ, പ്രൈമറി പ്രഥമ അധ്യാപകരുടെ സ്ഥലംമാറ്റം ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ പൂർണ്ണ ഉത്തരവാദിത്വത്തിലും നിയന്ത്രണത്തിലുമാണ്. ഓൺലൈൻ സ്ഥലംമാറ്റം കൂടുതൽ പ്രായോഗികമാക്കുന്നതിനായി വിദ്യാഭ്യാസ ഉപഡയറക്ടറുടെ പൂർണ്ണ ഉത്തരവാദിത്വത്തിലും നിയന്ത്രണത്തിലുമാണ്. ഓൺലൈൻ സ്ഥലംമാറ്റം കൂടുതൽ പ്രായോഗികമാക്കുന്നതിനായി വിദ്യാഭ്യാസ ഉപഡയറക്ടറുടെ നേതൃത്വത്ത ിൽ പ്രസ്തുത ഓഫീസിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻഡ്, സീനിയർ സൂപ്രണ്ട്, ഓൺലൈൻ സ്ഥലംമാറ്റം കൂടുതൽ പ്രായോഗികമാക്കുന്നതിനായി വിദ്യാഭ്യാസ ഉപഡയറക്ടറുടെ നേതൃത്വത്തിൽ പ്രസ്തുത ഓഫീസിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻന്റ്, സീനിയർ സൂപ്രണ്ട്, ഓൺലൈൻ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട ക്ലർക്കുമാർ, എന്നിവർ ഉൾപ്പെട്ട ഒരു

ഐ.റ്റി.@സ്‌ക്കൂളിന്റെ നേരിട്ട് ഓൺലൈൻ സ്ഥലംമാറ്റം സംബന്ധിച്ച്ആവശ്യമായ പരിശീലനം സമയബന്ധിതമായി നൽകുന്നതാണ്. പ്രസ്തുത സെൽ ഓൺലൈൻ സ്ഥലംമാറ്റം സംബന്ധിച്ച് ആവശ്യമായ അറിയിപ്പുകൾ നൽകുന്നതിനു ജില്ലാതലത്തിൽ തന്നെ പത്രപരസ്യം നൽകേണ്ടതാണ്. ഓൺലൈൻ സ്ഥലംമാറ്റം സംബന്ധിച്ച അധ്യാപകരുടെ അന്വേഷണങ്ങൾക്കും സംശയങ്ങൾക്കും യഥാസമയം പരിഹാരം നൽകുന്നതിനും സംശയങ്ങൾ ദൂരികരിക്കുന്നതിനുമായി ഓരോ ജില്ലയിലും വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസ് കേന്ദ്രീകരിച്ച് ഹെൽപ് ലൈൻ സംവിധാനം ഒരുക്കേണ്ടതാണ്. ഇതിനായി വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിൽ സ്ഥലം മാറ്റം സംബന്ധിച്ച കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്റെ സേവനം ഉപയോഗപ്പെടുത്തേണ്ടതാണ്. സാധിക്കുമെങ്കിൽ 24മണിക്കൂറും ബന്ധപ്പെടുവാൻ കഴി ുന്ന തരത്തിൽ മൊബൈൽ ഫോൺ നമ്പർ ഹെൽപ്ലൈൻ നമ്പരായി നൽകുന്നത് ഉചിതമായിരിക്കും.

9. പ്രഥമ അധ്യാപകചക്ക ു ം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും ഓൺലൈൻ സ്ഥലംമാറ്റം സംബന്ധിച്ച് അവരുടെ കോൺഫറൻസിൽ വിദ്യാഭ്യാസ ഉപഡയറക്ടർമാർ ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. ഓൺലൈൻ സ്ഥലംമാറ്റം കൂട ുതൽ പ്രായോഗികമാക്കുന്നതിനായി എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിനും പാസ്സ് വേഡ് നൽകുന്നതാണ്. വിദ്യാഭ്യാസ ഉപഡയറക്ടർ ഓരോ സ്ക്കൂളിനും ഓരോ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിനും ഒര ു പാസ്സ് വേഡ് നൽകുന്നതും. പ്രഥമ അധ്യാപകർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ അവരുടെ അധികാരപരിധിയിൽ രജിസ്റ്റർ ചെയ്ത അപേക്ഷകൾ ഓൺലൈൻ വഴി സൂക്ഷ്മ പരിശോധന നടത്തേണ്ടതും ആയതു റിമാർക്സ് സഹിതം വിദ്യാഭ്യാസ ഉപഡയക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്. അപേക്ഷയുടെ പ്രിന്റ് അതത് ഓഫീസിൽ സൂക്ഷിക്കേണ്ടതും, ആയതിന്റെ ശരി വിദ്യാഭ്യാസ ഉപഡയറക്ടർക്ക് കൈമാറേണ്ടതുമാണ്. വിദ്യാഭ്യാസ ഉപഡയറക്ടർ പരിഗണ നാർഹമായ അപേക്ഷകളും പരിഗണനാർഹമല്ലാത്ത അപേക്ഷകളും തരംതിരിക്കേണ്ടതാണ്. അപേക്ഷയുടെയും ബന്ധപ്പെട്ട (പ്രത്യേക പരിഗണന തെളിയിക്കുന്നതിനുള്ള) രേഖകളുടെയും പരിശോധനയുടെ കൃത്യത ബന്ധപ്പെട്ടവർ ഉറപ്പു വരുത്തേണ്ടതുമാണ്. ഈ അധ്യയന വർഷത്തിൽ ഉണ്ടാകുന്ന ഒഴിവുകളിൽ ഈ ഒരപേക്ഷ മാത്രമേ പരിഗണിക്കുകയുള്ളൂ. പൊതുസ്ഥലം മാറ്റത്തിന് അപേക്ഷ സമർപ്പിക്കുന്നതിന് ഈ അനുവദിച്ചിട്ടുള്ള കാലാവധിയിൽ പൊതു വിദ്യാഭ്യാസ വകുപ്പിലെ ഏത് തസ്തികയിൽ തുടരുന്നവർക്ക് മാത്രമേ പൊതുസ്ഥലം മാറ്റത്തിന് അപേക്ഷിക്കാൻ അർഹതയുള്ളൂ. അപേക്ഷകന് ഒരു അപേക്ഷ മാത്രമേ രജിസ്റ്റർ ചെയ്യുവാൻ അനുവദിക്കുകയുള്ളൂ. അപേക്ഷകർക്ക് ഓൺലൈൻ അപേക്ഷ

ഉപയോഗിക്കാവുന്നതാണ്. അപേക്ഷ സംബന്ധിച്ച വിവരം www.transferandpostings.in എന്ന വെബ്സൈറ്റിൽ ലഭ്യമാക്കുന്നതാണ്.

ഓൺലൈൻ മുഖേന പുറപ്പെടുവിക്കുന്ന സ്ഥലം മാറ്റ ഉത്തരവിന്റെ കൃത്യത അതത് ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറുടെ പൂർണ്ണ ഉത്തരവാദിത്തത്തിൽ തന്നെ ആയിരിക്കുന്നതാണ്.

10. 2010-2011അധ്യയന വർഷത്തെ പൊതുസ്ഥലംമാറ്റം സമയ ബന്ധിതമായി നടത്തുന്നതിനുള്ള ചാർട്ട് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

| | | |
|---|---|---|
| 1 | ഓരോ ജില്ലയിലെയും ഒഴിവുകളുടെ വ്യക്തമായ കണക്ക് (01.04.2010 തീയതിയിൽ ഉണ്ടാകുന്നത്) നിശ്ചിത മാതൃകയിൽ വെബ്സൈറ്റിൽ ഉൾപ്പെടുത്തേണ്ടത് | 10.02.2010 |
| 2 | അപേക്ഷ സ്വീകരിക്കുന്ന തീയതി | 17.02.2010 മുതൽ 27.02.2010 വരെ |
| 3 | സ്ക്കൂൾ തലത്തിലും വിദ്യാഭ്യാസ ഉപജില്ലാതലത്തിലും അപേക്ഷ പരിശോധിക്കുന്നതിനു അനുവദിച്ച സമയം | 01.03.2010 മുതൽ 04.03.2010 വരെ |
| 4 | വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസിൽ അപേക്ഷ പരിശോധിക്കലും സീനിയോറിറ്റി തയ്യാറാക്കലും അപേക്ഷകളിൽ പ്രധാന അധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ രേഖാമൂലം തിരുത്തലുകൾ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ ആയതു ടി കാലയളവിൽ തിരുത്തേണ്ടതുമാണ് | 05.03.2010 മുതൽ 12.03.2010 വരെ |
| 5 | ജില്ലയിൽ ഓരോ തസ്തികയിലേക്കും ലഭിച്ച അപേക്ഷകളുടെ വിശദാംശങ്ങൾ (സീനിയോറിറ്റി) അടങ്ങിയ സംക്ഷിപ്തരൂപം പ്രസിദ്ധീകരിക്കേണ്ടതാണ്. | 15.03.2010 |
| 6 | അപേക്ഷകർക്ക് ആക്ഷേപം സമർപ്പ ിക്കുവാനുള്ള സമയം | 16.03.2010 മുതൽ 20.03.2010 വരെ |
| 7 | പ്രൈമറി പ്രഥമ അധ്യാപകരുടെ താൽക്കാലിക സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കൽ | 24.03.2010 |
| 8 | പ്രൈമറി പ്രഥമ അധ്യാപകരുടെ താൽക്കാലിക ഉത്തരവിൽ ആക്ഷേപം സമർപ്പിക്കാനുള്ള സമയം | 25.03.2010 മുതൽ 29.03.2010വരെ |
| 9 | പ്രൈമറി പ്രഥമഅധ്യാപകര ുടെ അന്തിമ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കൽ | 31.03.2010 |
| 10 | ഹൈസ്ക്കൂൾ അധ്യാപകർ,പ്രൈമറി അധ്യാപകരുടെ താൽക്കാലിക സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കൽ | 10.05.2010 |
| 11 | താൽക്കാലിക ഉത്തരവിൽ ആക്ഷേപം സമർപ്പിക്കാനുള്ള സമയം | 10.05.2010 മുതൽ 15.05.2010 വരെ |
| 12 | ഹൈസ്ക്കൂൾഅധ്യാപകർ, പ്രൈമറി അധ്യാപകരുടെ അന്തിമ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കൽ | 25.05.2010 |

11. പ്രൈമറി പ്രഥമ അധ്യാപകരുടെ സ്ഥലംമാറ്റ ഉത്തരവ് നൽകിയാൽ ഉടൻതന്നെ 05.04.2010 തീയതിക്കുള്ളിൽ പ്രൈമറി പ്രഥമ അധ്യാപക തസ്തികയിലേക്കുള്ള പ്രമോഷൻ നൽകുകയും പ്രസ്തുത ഉത്തരവു പ്രകാരം തൽസ്ഥാനങ്ങളിൽ അധ്യാപകർ പ്രവേശിച്ചിട്ടുണ്ടോ എന്നും ഉറപ്പുവരുത്തേണ്ടതും ആയതിലൂടെ ഉണ്ടാകുന്ന ഒഴിവുകൾ ഓൺലൈനിൽ ഉൾപ്പെടുത്തി അധ്യാപകരുടെ സ്ഥലംമാറ്റം നിശ്ചിത തീയതിക്കുള്ളിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഒപ്പ്
പൊതുവിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

**പുറത്തെഴുത്ത് നം. എ2/2414/10** വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം
കാസറഗോഡ് തീയതി 22.02.2010

പകർപ്പ് എല്ലാ സർക്കാർ ഹൈസ്ക്കൂൾ പ്രധാന അധ്യാപകർക്കും, ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും, ഉപജില്ലാവിദ്യാഭ്യാസ ഓഫീസർക്കും അറിവിലേക്കും തുടർനടപടിക്കുമായി അയക്കുന്നു.

ഒപ്പ്
വിദ്യാഭ്യാസ ഉപഡയറക്ടർ
കാസറഗോഡ്